**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1814</u>** **<u>19-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഇരിങ്ങാലക്കുടയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ കുറവ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | **Shri. A. K. Saseendran**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുടയിൽ നിന്നും ഉണ്ടായിരുന്ന തിരുവനന്തപുരം, സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.5.2019 തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുടയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് നടത്തി വന്നിരുന്ന സർവ്വീസ് ഗുരുവായൂർ ഡിപ്പോയിൽ നിന്നും ഇരിങ്ങാലക്കുട വഴി പുനഃക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ ലഭിക്കുന്ന പക്ഷം യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഇരിങ്ങാലക്കുടയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ